LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നൽകുന്ന ചികിത്സാ ധനസഹായം

193(1178) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നൽകിവരുന്ന ചികിത്സാ ധനസഹായം സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന അനുവദിക്കാറുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ധനസഹായം രോഗികൾക്ക് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ;

(സി) ഏതൊക്കെ ചികിത്സകൾക്കാണ് ഇപ്രകാരം ധനസഹായം അനുവദിക്കുന്നതെന്നും എത്ര രൂപയുടെ ധനസഹായം വരെ പ്രസ്തുത പദ്ധതിയിലൂടെ അനുവദിക്കുമെന്നും അറിയിക്കാമോ;

&

(ഡി) പ്രസ്തുത ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കേണ്ട രീതിയും ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നും എന്തൊക്കെ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണമെന്നതും സംബന്ധിച്ച വിശദാംശം നൽകാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള പെൻഷൻ

194(1179) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട് ഏഴ് വർഷത്തിൽ അധികമായതും 50 വയസ്സിന് താഴെയുള്ളതുമായ സ്ത്രീകൾക്ക് നൽകിയിരുന്ന വിധവ പെൻഷൻ നിർത്തലാക്കിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ആയത് നിർത്തലാക്കിയിട്ടുണ്ടെങ്കിൽ ഇവരുടെ വിധവ പെൻഷൻ പുനഃസ്ഥാപിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ 'വിധവ'യുടെ നിർവ്വചനത്തിൽ വരുന്നില്ല. ആകയാൽ, ഈ വിഭാഗത്തിൽപ്പെട്ടവർക്ക് വിധവാ പെൻഷന് അർഹതയില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.